**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുകയെന്ന ലക്ഷ്യപ്രാപ്തിക്ക് പ്രാപ്യതയും ഗുണതയും വർദ്ധിപ്പിക്കാൻ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിന് ശാസ്ത്ര മേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കി വരുന്നു. റിസേർച്ചിനു പ്രാധാന്യമുള്ള പദ്ധതികളും, കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കി വരുന്നു. 21.09.2021 - ലെ ജി.ഒ.(എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ സാമൂഹ്യ സാമ്പത്തിക ഘടനയുടെ വികസനത്തിനു യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ അറിയാക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക, ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ലബോറട്ടറികൾ, ലൈബ്രറികൾ നവീകരിക്കുക, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിക്കുക, ഫിറ്റ്നസ് സെന്റർ, സ്റ്റേഡിയം നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നടത്തുക, എന്നിവ പ്ലാൻ ഫണ്ട്, RUSA, NABARD, KIIFB എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നടത്തി വരുന്നു. സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും കേരള വർമ്മ കോളേജുൾപ്പെടെ അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. മാത്രമല്ല പുതുതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ, പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ആധുനിക സാങ്കേതികവിദ്യയുടെ വികാസം പഠനത്തിന് യുക്തമാക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ; | (സി) | മാറുന്ന ലോകക്രമത്തിനനുസരിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ വിദ്യാഭ്യാസ സമ്പ്രദായം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിരുന്നു. ഓഫ് ലൈൻ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരസ്പര പൂരകമായി ഏകോപിപ്പിച്ചുകൊണ്ടുള്ള ബ്ലെൻഡഡ് ലേർണിംഗ് സംവിധാനത്തിലേക്ക് മാറുന്നതിന് ഒരു പൊതു പ്ലാറ്റ്ഫോം ആയ മൂഡിൽ സംവിധാനം പ്രത്യേക പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിലെ 300-ഓളം കോളേജുകളിൽ പൂർണ്ണമായ തോതിൽ മൂഡിൽ ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പൂർണ്ണമായും ഡിജിറ്റൽ വിദ്യാഭ്യാസത്തിലേക്ക് വഴിമാറുന്നതിന് കഴിയും. |
| (ഡി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ